പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u> 10.08.2017-ൽ മറുപടിയ്ക്ക്

<u>ചോദ്യം നം. 119</u>

## മത്സ്യക്കുഞ്ഞുങ്ങളുടെ സംരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.ആർ. സുനിൽ കുമാർ<br>" മുല്ലക്കര രത്നാകരൻ<br>" ജി.എസ്.ജയലാൽ<br>" എൽദോ എബ്രഹാം | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധനം നടത്തുമ്പോൾ മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതിന് എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; | (എ) | ചെറുമത്സ്യങ്ങളെ പിടിക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ചു കൊണ്ട് 24.07.2015 ലെ ജി.ഒ(പി) നം. 40/15/മത്സ്യ, 17.05.2017 ലെ ജി.ഒ(പി) നം.11/17/മത്സ്യ എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം അശാസ്ത്രീയമായ മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടികൾ സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്തു വരുന്നു. |
| (ബി) | മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയാൻ എന്തൊക്കെ സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ; | (ബി) | ഫിഷറീസ് വകുപ്പും, മറൈൻ എൻഫോഴ്സ്മെന്റും ചേർന്ന് മത്സ്യബന്ധന യാനങ്ങൾ പരിശോധിക്കുകയും ചെറുമത്സ്യങ്ങൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യബന്ധനയാനങ്ങൾക്കെതിരെ കെ.എം.എഫ്.ആർ. ആക്ട് പ്രകാരം നടപടികളെടുത്തു വരുന്നു. കണ്ണി വലിപ്പം കുറഞ്ഞ വലകൾ പിടിച്ചെടുക്കുകയും മത്സ്യത്തൊഴിലാളികൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്തു വരുന്നു. സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലും കടൽ പട്രോളിംഗിനായി പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകളില്ലാത്ത കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ എന്നീ തീരദേശ ജില്ലകളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മത്സ്യബന്ധനവലകളുടെ കണ്ണി വലിപ്പം നിയന്ത്രിക്കുന്നതിന് ബന്ധപ്പെട്ട നിയമം ഭേദഗതി ചെയ്യുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കുമോ? | (സി) | കെ.എം.എഫ്.ആർ ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിൽ വല നിർമ്മാണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും കണ്ണിവലിപ്പം നിയന്ത്രിക്കുന്നതിനുമുള്ള വകുപ്പുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ സഭയിൽ തന്നെ ബിൽ അവതരിപ്പിച്ച് നിയമമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ